<u>**15 -ാം കേരള നിയമസഭ**</u>

<u>**8 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6619**</u>　　　　<u>**21-03-2023 - ൽ മറുപടിയ്ക്ക്**</u>

<u>**തീരദേശ ഹൈവേ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ എം മുകേഷ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കൊല്ലം ജില്ലയിലെ തീരദേശ ഹൈവേയുടെ പദ്ധതി രൂപീകരണം എപ്രകാരമാണ് പുരോഗമിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊല്ലം ജില്ലയിലെ തീരദേശ ഹൈവേ കാപ്പിൽ മുതൽ അഴിക്കൽ വരെയുള്ള 51.13 കിലോമീറ്റ ദൂരത്തിൽ നിർമ്മിക്കുന്ന തിനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ 9.60 കിലോമീറ്റർ ദൂര നിലവിലെ ദേശീയപാതയിലൂടെയാണ് കടന്നു പോകുന്നത്. ശേഷിക്കുന്ന 41.53 കി. മീ. ദൂരം 3 റീച്ചുകളായി തിരിച്ചിട്ടുണ്ട്. ഈ 3 റീച്ചിനും 14 മീറ്റർ വീതിയിൽ ഹൈവേ നിർമ്മിക്കുന്നതിനായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 20.08.2022-ൽ ലഭിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പിന്റെ ഉത്തരവും ലഭിച്ചു. അതിർത്തികല്ലുകൾ സ്ഥാപിക്കുന്നതിനായി 6(1) വിജ്ഞാപനവും 20.07.2022-ന് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. നിലവിൽ 10.10 കി.മീ ദൂരം അതിർത്തികല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. കല്ലിട്ട പ്രദേശങ്ങളിൽ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപറേഷൻ (KSCADC) യുടെ നേതൃത്വത്തിൽ സാമൂഹിക സർവേ നടന്നുവരുന്നു. തീരദേശ മേഖലയുടെ സവിശേഷതകൾ കണക്കിലെടുത്തു ഹൈവേയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന സ്ഥലത്തെ കെട്ടിടങ്ങൾക്കും കെട്ടിടം നഷ്ടമായവരുടെ പുനരധിവാസത്തിനുമായി പ്രത്യേക പുനരധിവാസ പാക്കേജ് സംബന്ധിച്ച് 10.03.2023-ൽ റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് 1,33,00,000 രൂപ contingency charge ഇനത്തിൽ കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | |
| (ബി) | തീരദേശ ഹൈവേയുടെ കൊല്ലം മണ്ഡലത്തിൽ ഉൾപ്പെട്ട് വരുന്ന അലൈൻമെന്റിൽ തിരുമുല്ലവാരം ഭാഗത്ത് ജനകീയ പ്രതിഷേധം ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ താരതമ്യേന ജനവാസം കുറഞ്ഞ മേഖലയിലൂടെ അലൈൻമെന്റ് പുനർനിശ്ചയിക്കുന്നതിന് സാധിക്കുന്ന സാഹചര്യമുള്ളതിനാൽ ഇക്കാര്യത്തിൽ അനുകൂല തുടർനടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | തീരദേശ ഹൈവേയുടെ കൊല്ലം മണ്ഡലത്തിൽ വരുന്ന അലൈൻമെന്റ് പുനർ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് തീരദേശപാതയുടെ അലൈൻമെന്റ് തയ്യാറാക്കിയ നാറ്റ്പാക്ക് എന്ന ഏജൻസിക്ക് കൊല്ലം കെ.ആർ.എഫ്.ബി-പി.എം.യു എക്സിക്യൂട്ടീവ് എഞ്ചിനീയർ കത്ത് നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നാറ്റ്പാക്കിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ